# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 1350 | 22.03.2013-ൽ മറുപടിയ്ക്ക് |

### മണ്ഡൽ പഞ്ചായത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധി പല നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്നത് കൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) മണ്ഡലങ്ങളുടെ പുനർനിർണ്ണയ സമയത്തും ഗ്രാമപഞ്ചായത്തുകളെയോ ജില്ലാപഞ്ചായത്തുകളെയോ വിഭജിക്കാതെ നിലനിർത്തിയതുപോലെ ഓരോ മണ്ഡലവും ഓരോ ബ്ലോക്ക് പഞ്ചായത്തായി പരിവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ബ്ലോക്ക് പഞ്ചായത്തിന്റെ അതിർത്തികൾ പുനർനിർണ്ണയിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| (സി) മറ്റ സംസ്ഥാനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളെ 'മണ്ഡൽ പഞ്ചായത്ത്' എന്ന് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) പേരും അധികാര പരിധിയും മണ്ഡലാടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഈ വിഷയം ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ